**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1315

08.02.2013 ൽ
മറുപടിയ്ക്ക്

## വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ വിശദമാക്കുമോ ; | എ) സംസ്ഥാനത്ത് എല്ലാ ബി.പി.എൽ കാർഡുടമകൾക്കും കിലോയ്ക്ക് 1 രൂപ നിരക്കിൽ 25 കിലോ അരിയും എ.എ.വൈ കാർഡുടമകൾക്ക് കിലോയ്ക്ക് 1 രൂപ നിരക്കിൽ 35 കിലോ അരിയും വിതരണം ചെയ്തു വരുന്നു. കൂടാതെ എ.പി.എൽ വിഭാഗത്തിൽപ്പെട്ട സബ്സിഡിക്ക് അർഹരായ കുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്യുന്നു. ഒ.എം.എസ്.എസ് നിരക്കിൽ കേന്ദ്രം അനുവദിച്ചിട്ടുള്ള ഉയർന്ന ഗുണനിലവാരമുള്ള അരിയും ഗോതമ്പും വിതരണം ചെയ്യുന്നു. കൂടാതെ പ്രത്യേക വിഹിതമായി ബി.പി.എൽ വിഭാഗത്തിന് വിതരണത്തിനായി 132725 മെ.ടൺ അരിയും 54211 മെ.ടൺ ഗോതമ്പും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ആയത് നിലവിലുള്ള ബി.പി.എൽ കാർഡുകാർക്ക് 25 കി.ഗ്രാം അരി 1 രൂപ നിരക്കിലും 10 കി.ഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും വിതരണം ചെയ്യുന്നതിനു പുറമെ 5 കി.ഗ്രാം അരി 6.20 നും 2 കി.ഗ്രാം ഗോതമ്പ് 4.70 നും വിതരണം ചെയ്യുകയും ചെയ്യുന്നു. 2009 ലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ബി.പി.എൽ കാർഡ് ലഭിക്കാത്തതുമായ 11.80 ലക്ഷം കുടുംബങ്ങൾക്ക് നിലവിൽ ലഭിക്കുന്ന വിഹിതത്തിന് പുറമെ 19 കി.ഗ്രാം അരി 6.20 രൂപ നിരക്കിലും 6 കി.ഗ്രാം ഗോതമ്പ് 4.70 രൂപ നിരക്കിലും അടുത്ത 4 മാസങ്ങളിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>പൊതുവിപണിയിൽ അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സപ്ലൈകോയും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 13 ഇനം അവശ്യ നിത്യോപയോഗസാധനങ്ങളും വിപണി വിലയേക്കാൾ 50% വരെ വിലക്കുറച്ച് |

വിറ്റും വിപണിയിൽ വിലനിലവാരം പിടിച്ചു നിർത്തുന്നുണ്ട്. കൂടാതെ പ്രാദേശികമായി ജനങ്ങൾക്ക് താൽപ്പര്യമുള്ള വിവിധ ഇനം മട്ട അരി കി.ഗ്രാമിന് 16 രൂപ നിരക്കിലും ജയ അരി 21 രൂപ നിരക്കിലും കുറുവ അരി 19 രൂപ നിരക്കിലും ഒ.എം.എസ്.എസ് പ്രകാരം പുഴുക്കലരി 19.50 രൂപ നിരക്കിലും പച്ചരി 21 രൂപ നിരക്കിലും സപ്ലൈകോ വഴി വിതരണം ചെയ്യുന്നു. അരിയും പല വ്യഞ്ജനങ്ങളും കൂടാതെ എഫ്.എം.സി.ജി സാധനങ്ങൾ എം.ആർ.പി യേക്കാളും വില കുറച്ച് സപ്ലൈകോ വഴി വിതരണം നടത്തുന്നു.

കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്നവയും സഹകരണ സംഘങ്ങൾ നടത്തുന്നവയുമായ നന്മ സ്റ്റോറുകളിലൂടെയും ഗുണമേന്മയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിൽപ്പന നടത്തുന്നുണ്ട്.

ബി) കഴിഞ്ഞ രണ്ട് മാസങ്ങളായി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

ബി) 2012 ഡിസംബർ മാസത്തിലും 2013 ജനുവരി മാസത്തിലും റേഷൻ കടകളിലൂടെ വിതരണം ചെയ്തിരുന്ന ഭക്ഷ്യ വസ്തുക്കളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

സി) തദ്ദേശസ്ഥാപനങ്ങളുടെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ബി.പി.എൽ റേഷൻ കാർഡ് ഇല്ലാത്തതുമായ കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിൽ അരി, ഗോതമ്പ് എന്നിവ വിതരണം ചെയ്യുന്നതിന് നടപടിയുണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇതിലേക്ക് കേന്ദ്ര സർക്കാർ കൂടുതൽ ഭക്ഷ്യ സാധനങ്ങൾ നൽകിയിട്ടുണ്ടോ ;

സി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 2009 ലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ നാളിതുവരെയും ബി.പി.എൽ കാർഡുകൾ ലഭിച്ചിട്ടില്ലാത്തതുമായ എ.പി.എൽ കാർഡുടമകൾക്ക് പ്രതിമാസം 25 കി.ഗ്രാം ഭക്ഷ്യധാന്യങ്ങൾ (19 കി.ഗ്രാം അരിയും 6 കി.ഗ്രാം ഗോതമ്പും) ബി.പി.എൽ (നോൺ സബ്സിഡി) നിരക്കിൽ (അരിയ്ക്ക് കി.ഗ്രാമിന് 6.20 രൂപയും ഗോതമ്പിന് 4.70 രൂപയും) 4 മാസത്തേക്ക് വിതരണം ചെയ്യുന്നതാണ്. കേന്ദ്ര സർക്കാർ 1,32,725 മെ.ടൺ അരിയും 54,211 മെ.ടൺ ഗോതമ്പും ബി.പി.എൽ വിഭാഗങ്ങൾക്കുള്ള അധിക വിഹിതമായി അനുവദിച്ചിരുന്നു.

| | | | |
|---|---|---|---|
| ഡി) | റേഷൻ കടകളിലെത്തുന്ന ഭക്ഷ്യ വസ്തുക്കൾ യഥാർത്ഥ ഗുണഭോക്താവിനുതന്നെ ലഭിക്കുന്നുയെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | ഡി) | എഫ്സി.ഐ യിൽ നിന്നും ലിഫ്റ്റ് ചെയ്യുന്ന സാധനങ്ങൾ കൃത്യമായി എ. ആർ.ഡി/എ.ഡബ്ള്യു.ഡികളിൽ എത്തുന്നു എന്നുറപ്പ് വരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാരെ എഫ്.സി.ഐ യിൽ നിയോഗിക്കാറുണ്ട്. കൂടാതെ റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള ഉദ്യോഗസ്ഥർ കൃത്യമായി റേഷൻ കടകൾ പരിശോധിക്കുകയും റേഷൻ സാധനങ്ങൾ അർഹതപ്പെട്ടവർക്ക് അർഹമായ അളവിൽ ലഭ്യമാകുന്നു എന്നുറപ്പ് വരുത്തുന്നുണ്ട്. എ. ആർ.ഡി/എ.ഡബ്ള്യു.ഡികളിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രോണിക് ത്രാസുകൾ കൃത്യമായ അളവിൽ റേഷൻ സാധനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു എന്നുറപ്പ് വരുത്തുന്നു. |

Beena

സെക്ഷൻ ഓഫീസർ

## അനുബന്ധം

2012 ഡിസംബർ മാസത്തിലും 2013 ജനുവരി മാസത്തിലും റേഷൻകടകളിലൂടെ വിതരണം ചെയ്തിരുന്ന ഭക്ഷ്യവസ്തുക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | 2012 ഡിസംബർ | 2013 ജനുവരി |
|---|---|---|
| ബി.പി.എൽ. | അരി - 25 Kg@ ₹1/-/Kg<br>ഗോതമ്പ് - 08 Kg @ ₹2/-/Kg<br>പഞ്ചസാര - 400 ഗ്രാം ഒരംഗത്തിന് @ ₹13.50/Kg<br>സ്പെഷ്യലായി 1 Kg @ ₹13.50 | അരി - 25 Kg@ ₹1/-/Kg<br>ഗോതമ്പ് - 10 Kg @ ₹2/-/Kg<br>പഞ്ചസാര - 400 ഗ്രാം ഒരംഗത്തിന് @ ₹13.50/Kg |
| എ.പി.എൽ (നോർമൽ) | അരി - 10 Kg@ ₹8.90/Kg<br>ഗോതമ്പ് - 03 Kg @ ₹6.70/-/Kg<br>പഞ്ചസാര - സ്പെഷ്യലായി 1 Kg @ ₹13.50 | അരി - 10 Kg@ ₹8.90/Kg<br>ഗോതമ്പ് - 03 Kg @ ₹6.70/-/Kg |
| എ.പി.എൽ (സബ്സിഡി) | അരി - 09 Kg@ ₹2/Kg<br>ഗോതമ്പ് - 02 Kg @ ₹2/Kg<br>ഫോർട്ടിഫൈഡ് ആട്ട - 02 Kg @ ₹12/Kg<br>പഞ്ചസാര - സ്പെഷ്യലായി 1 Kg @ ₹13.50 | അരി - 09 Kg@ ₹2/Kg<br>ഗോതമ്പ് - 02 Kg @ ₹2/Kg<br>ഫോർട്ടിഫൈഡ് ആട്ട - 02 Kg @ ₹12/Kg |
| എ.എ.വൈ. | അരി - 35 Kg@ ₹1/-/Kg<br>പഞ്ചസാര - 400 ഗ്രാം ഒരംഗത്തിന് @ ₹13.50/Kg<br>സ്പെഷ്യലായി 1 Kg @ ₹13.50 | അരി - 25 Kg@ ₹1/-/Kg<br>പഞ്ചസാര - 400 ഗ്രാം ഒരംഗത്തിന് @ ₹13.50/Kg |
| എല്ലാ വിഭാഗങ്ങൾക്കും | 10 കിലോ അരി @ ₹20.50/Kg<br>05 കിലോ ഗോതമ്പ് @ ₹19/Kg | 10 കിലോ അരി @ ₹20.50/Kg<br>05 കിലോ ഗോതമ്പ് @ ₹19/Kg |

Beena
സെക്ഷൻ ഓഫീസർ